"ഭരണഭാഷ-മാതൃഭാഷ"

आज़ादी का अमृत महोत्सव

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - ജീവൻരക്ഷ പദ്ധതി - 2024 വർഷത്തേക്കുള്ള പ്രീമിയം തുക ഒടുക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (അച്ചടി) നം.07/2024/ധന** **തീയതി,തിരുവനന്തപുരം, 23/01/2024**

പരാമർശം :-

1. 23/11/2010 തീയതിയിലെ സ.ഉ(അച്ചടി) നമ്പർ 616/2010/ധന.
2. 22/02/2023 തീയതിയിലെ സ.ഉ(അച്ചടി) നമ്പർ 17/2023/ധന.
3. 18/11/2023 തീയതിയിലെ സ.ഉ(അച്ചടി) നമ്പർ 112/2023/ധന.
4. 08/01/2024 തീയതിയിലെ ഇൻഷ്വറൻസ് ഡയറക്ടറുടെ ഇൻഷ്വ/ ജി.പി.എ.ഐ.എസ്/എം.4/ ഇ. 406696 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

ജീവൻരക്ഷാ പദ്ധതി 01/01/2024 മുതൽ ഒരു വർഷത്തേക്കു കൂടി പുതുക്കി പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. 2024 വർഷത്തേക്ക് പ്രീമിയം തുക ഒടുക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ചു നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിരവധി അപേക്ഷകൾ സർക്കാരിന് ലഭിക്കുകയും അതോടൊപ്പം പരാമർശം (4) പ്രകാരം സമയപരിധി ദീർഘിപ്പിക്കുന്നതിന് ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ ശിപാർശ സമർപ്പിക്കുകയും ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുൻ വർഷങ്ങളിൽ അനുവർത്തിച്ചു വന്നിട്ടുള്ള പ്രകാരം, കോ ഓപ്പറേറ്റീവ് സൊസൈറ്റി, എയ്ഡഡ് സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർ SLI, GIS പദ്ധതികളിൽ അംഗത്വം നിർബന്ധമായും എടുത്തിരിക്കേണ്ടതാണ്. എന്നാൽ SLR വിഭാഗം ജീവനക്കാർക്കും സർക്കാർ സർവീസിലുള്ള പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്കും SLI, GIS എന്നീ പദ്ധതികൾ ബാധകമല്ലെങ്കിലും ജീവൻരക്ഷാ പദ്ധതിയിൽ അംഗത്വത്തിനുള്ള അർഹത തുടരുന്നതാണ്. പത്തനംതിട്ട നിരണം ഡക്ക് ഫാമിലെ സ്ഥിരം തൊഴിലാളികൾ, വെറ്ററിനറി സർവകലാശാല ഫാമിലെ സ്ഥിരം ജീവനക്കാർ, സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ സേവനം അനുഷ്ഠിക്കുന്ന നിക്ഷേപ/ വായ്പ്പാ പിരിവുകാർ അപ്രൈസർമാർ എന്നീ ജീവനക്കാർക്ക് GIS, SLI എന്നീ പദ്ധതികൾ ബാധകമല്ലെങ്കിലും GST തുക ഒടുക്കി ജീവൻരക്ഷാ പദ്ധതിയിൽ തുടരാവുന്നതാണ്. 2024 ഡിസംബർ 31 ന് ശേഷം പ്രീമിയം ഒടുക്കുന്നവർക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ, പ്രീമിയം കിഴിവ് നടത്തുന്ന തീയതി മുതൽ മാത്രമായിരിക്കും എന്ന നിബന്ധനയ്ക്ക് വിധേയമായി 2024 ഡിസംബർ 31 വരെ പ്രീമിയം തുക ഒടുക്കുവാൻ കഴിയാതിരുന്ന അർഹരായ ജീവനക്കാർക്ക്, പ്രീമിയം തുക 2024 ജനുവരി/ ഫെബ്രുവരി മാസത്തെ ശമ്പള ബില്ലിനോടൊപ്പമോ നേരിട്ടോ 31/03/2024 വരെ ഇൻഷ്വറൻസ് ആൻഡ് പെൻഷൻ ഫണ്ടിന് കീഴിൽ "8011-00-105-89-ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി" എന്ന ശീർഷകത്തിൽ ഒടുക്കി ഈ പദ്ധതിയിൽ ചേരുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

31/03/2024 തീയതിക്ക് ശേഷം സമർപ്പിക്കപ്പെടുന്ന ശമ്പളബില്ലുകളിൽ ജീവൻരക്ഷ പ്രീമിയം തുക ഒടുക്കുന്നതിനുള്ള സൗകര്യം ഒഴിവാക്കുന്നതിനും, ടി തീയതിയ്ക്കു ശേഷം പ്രീമിയം തുക

ട്രഷറികളിൽ സ്വീകരിക്കാതിരിക്കാനുമുള്ള നടപടികൾ യഥാക്രമം സ്പാർക്കും ട്രഷറി വകുപ്പും സ്വീകരിക്കേണ്ടതാണ്. 31/12/2023 ന് ശേഷം സർവ്വീസിൽ പ്രവേശിക്കുന്ന പുതിയ ജീവനക്കാർക്ക് ഈ ഉത്തരവ് ബാധകമല്ല. പരാമർശം (2), (3) സർക്കാർ ഉത്തരവുകളിലെ മറ്റെല്ലാ വ്യവസ്ഥകളും നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**ശ്രീനി.ജി**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

**പകർപ്പ്**

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരളം, തിരുവനന്തപുരം
എല്ലാ വകുപ്പ് തലവൻമാർക്കും, ഓഫീസർമാർക്കും
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവന്മാർക്കും
എല്ലാ സഹകരണ സ്ഥപനങ്ങളുടെയും തലവന്മാർക്കും
എല്ലാ സ്വയം ഭരണ സ്ഥപനങ്ങളുടെയും മറ്റു അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും തലവന്മാർക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.
ഇൻഷുറൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, ബഹു.കേരള ഹൈക്കോടതി, എറണാകുളം.
എല്ലാ യൂണിവേഴ്സിറ്റികളുടെയും രജിസ്ട്രാർമാർക്ക്.
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
വ്യവസായ വകുപ്പ് (അവരുടെ അധികാര പരിധിയിൽ വരുന്ന അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിൽ ഈ ഉത്തരവ് സംബന്ധിച്ച് വ്യാപക പ്രചാരണം നൽകേണ്ടതാണ്)
രജിസ്ട്രാർ, സഹകരണ സംഘം സൊസൈറ്റികൾ, തിരുവനന്തപുരം. (എല്ലാ സഹകരണ സ്ഥാപനങ്ങളും ഈ ഉത്തരവ് സംബന്ധിച്ച് വ്യാപക പ്രചാരണം നൽകേണ്ടതാണ്.)
സെക്രട്ടറി, ഓംബുഡ്സ്മാൻ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം.
സർക്കാരിന്റെ എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ എന്നിവർക്കും.
നിയമസഭാ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
സെക്രട്ടറി, മനുഷ്യവകാശ കമ്മീഷൻ, തിരുവനന്തപുരം.
മുഖ്യമന്ത്രിയുടെയും, മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ.
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
ചെയർമാൻ, ഭരണപരിഷ്കാര കമ്മീഷൻ.
മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണർ, കേരളം, തിരുവനന്തപുരം.
സംസ്ഥാന മുഖ്യ വിവരാവകാശ കമ്മീഷണർ.
സ്പാർക്ക്, Ist ഫ്ലോർ, ഡി.പി.സി ബിൽഡിംഗ്, കേരള യൂണിവേഴ്സിറ്റി ക്യാമ്പസ്,
പാളയം, തിരുവനന്തപുരം-695034

വെബ്&ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.(E. 2668149)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ